"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ-2024-25 സാമ്പത്തിക വർഷത്തിൽ ശമ്പളേതരയിനത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.1119/2024/AGRI   തീയതി,തിരുവനന്തപുരം, 28-11-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.378/2024/കൃഷി തീയതി 22/04/2024.
2. സ.ഉ.(സാധാ) നം.559/2024/കൃഷി തീയതി 21/06/2024.
3. സ.ഉ.(സാധാ) നം.817/2024/കൃഷി തീയതി 04/09/2024.
4. സ.ഉ.(സാധാ) നം.1014/2024/കൃഷി തീയതി 29/10/2024.
5. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 08/11/2024 തീയതിയിലെ എ-1957/2023/കെ.എസ്.എഫ്.ഡി.ആർ.സി നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2024-25 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] ശമ്പളയിനത്തിൽ 128.03 ലക്ഷം രൂപയും 2401-00-104-86-(01)-36 ശമ്പളേതരയിനത്തിൽ 53.81 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പരാമർശം 1,2,3,4 ലെ സർക്കാർ ഉത്തരവുകൾ പ്രകാരം കടാശ്വാസ കമ്മീഷന് 240-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ നിന്ന് ശമ്പളയിനത്തിൽ 113.5 ലക്ഷം രൂപയും 2401-00-104-86(01)-36 (NP) ശീർഷകത്തിൽ നിന്ന് ശമ്പളേതര ഇനത്തിൽ 30 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിരുന്നു.

2. നവംബർ മാസത്തിലെ അടിയന്തിര ചെലവുകൾക്കും, ഡിസംബർ മാസത്തിലെ ചെലവുകൾക്കുമായി 2401-00-104-86-(01)-36 [NP] ശീർഷകത്തിൽ ബാക്കി നിൽക്കുന്ന ബഡ്ജറ്റ് പ്രോവിഷനിൽ നിന്ന് 14,47,000/- രൂപയും ഡിസംബർ മാസത്തെ ചെലവുകൾക്കായി 2401-00-104-88-(01) [NP] ശീർഷകത്തിൽ നിന്നും 14,53,000/- യും അനുവദിക്കണമെന്ന് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറി സൂചന (5)-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന കർഷക

കടാശ്വാസ കമ്മീഷനിലെ ചെലവുകൾക്കായി 2401-00-104-86-(01)-36 [NP] ശീർഷകത്തിൽ ശമ്പളേതര ഇനത്തിൽ 14,47,000/- ( പതിനാല് ലക്ഷത്തി നാൽപത്തിയേഴായിരം രൂപ മാത്രം) രൂപ 5-ാം ഗഡുവായി വിതരണം ചെയ്യുന്നതിനും പ്രസ്തുത തുക കടാശ്വാസ കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 70101140000151-ൽ നിക്ഷേപിക്കുന്നതിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (27-11-2024 തീയതിയിലെ Agri-C1/63/2024-FIN (e-2761997))

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 28-11-2024 15:48:43
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്